"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മലപ്പുറം ജില്ലയിൽ തിരുരങ്ങാടി താലൂക്കിൽ പരപ്പനങ്ങാടി വില്ലേജിൽ ബ്ലോക്ക് നമ്പർ 24-ൽ സർവ്വേ നമ്പർ 205/1-ൽപ്പെട്ട ചാപ്പപ്പടി ഫിഷറീസ് ഹോസ്പിറ്റൽ കോമ്പൗണ്ടിലുള്ള ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കൈവശമുള്ള 15 സെന്റ് സ്ഥലം 16 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർ ഹെഡ് ടാങ്ക്, അതിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ നിർമ്മിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/-രൂപ നിരക്കിൽ) 30 വർഷത്തേക്ക് നിബന്ധനകൾക്ക് വിധേയമായി സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ച് പാട്ടത്തിന് നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.279/2025/RD തീയതി,തിരുവനന്തപുരം, 22-09-2025

---

പരാമർശം:-

1. ഫിഷറീസ് ഡയറക്ടറുടെ 03.04.2024-ലെ DFTVM/3981/2023/D2 നമ്പർ കത്ത്.
2. മലപ്പുറം ജില്ലാ കളക്ടറുടെ 08.06.2025-ലെ DCMPM/6636/2025-C4 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ തീരദേശ മേഖലയിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ചാപ്പപ്പടി ഫിഷറീസ് ഹോസ്പിറ്റൽ കോമ്പൗണ്ടിലെ 20 സെന്റ് സ്ഥലത്ത് 16 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർ ഹെഡ് ടാങ്ക്, അതിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയ്ക്ക് നിർമ്മാണ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ഫിഷറീസ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, ചാപ്പപ്പടി ഫിഷറീസ് ഹോസ്പിറ്റൽ കോമ്പൗണ്ടിലുള്ള ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള 15 സെന്റ് സ്ഥലം (ബ്ലോക്ക് നം. 70 ഫീൽഡ് നം 250) ആണ് കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലമെന്നാണ് വാട്ടർ അതോറിറ്റി എം.ഡി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത സ്ഥലം ടാങ്ക് നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറ്റം ചെയ്യുന്നതിന് മത്സ്യബന്ധന വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

2. ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം അപേക്ഷാഭൂമി, തിരുരങ്ങാടി താലൂക്കിൽ പരപ്പനങ്ങാടി വില്ലേജിൽ ബ്ലോക്ക് നം. 24-ൽ സ്ഥലം നമ്പർ 205/1-ൽ ഉൾപ്പെട്ടതും പുറമ്പോക്ക് ഇനത്തിലുള്ളതും വില്ലേജ് ബി.ടി.ആർ പ്രകാരം "സംസ്ഥാന സർക്കാർ മത്സ്യചാപ്പ" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ 0.5171 ഹെക്ടർ ഭൂമിയാണ്. ടി ഭൂമി പരപ്പനങ്ങാടി വില്ലേജിൽ ഒട്ടുമ്മൽ ജംഗ്ഷനിൽ നിന്നും ഉദ്ദേശം 200 മീറ്റർ വടക്ക് മാറി റോഡിൽ നിന്നും കിഴക്കുഭാഗത്തേക്ക് ഉദ്ദേശം 250 മീറ്റർ ദൂരപരിധിയിൽ സ്ഥിതി ചെയ്യുന്നു. കൂടാതെ, പ്രസ്തുത ഭൂമിയിൽ ഫിഷറീസ് ഹോസ്പിറ്റൽ, അംഗനവാടി, ചാപ്പപ്പടി ജനകീയ ആരോഗ്യകേന്ദ്രം, കിണർ, പമ്പ് ഹൗസ് എന്നിവ നിലവിലുണ്ടെന്നും, പ്രസ്തുത ഭൂമിയിൽ നിന്ന് 15 സെന്റ് ഫിഷറീസ് വകുപ്പിന്റെ അനുവാദത്തോടുകൂടി വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക്

കൈമാറാവുന്നതാണെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, പ്രസ്തുത വിഷയത്തിൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറാണ് റിക്വിസിഷൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള ഭരണാനുമതിയോ, പ്രോജക്ട് അംഗീകാരമോ കൂടാതെ വകുപ്പ് തലവന്മാർ സർക്കാർ ഭൂമി സൗജന്യമായി കൈമാറി ലഭിക്കുന്നതിന് വേണ്ടി ജില്ലാ കളക്ടർക്ക് നേരിട്ട് നൽകുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് ലാൻഡ് റവന്യൂ കമ്മീഷണറുടെ 01.11.2018 തീയതിയിലെ എൽ.ആർ.കെ.2-27511/17 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെന്നും, 05.06.2018-ലെ ജി.ഒ (പി) .31/18 നം. ഉത്തരവിലെ ഖണ്ഡിക 2(iii) പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഭൂമി പാട്ട വ്യവസ്ഥയിൽ മാത്രമേ ഉപയോഗാനുമതി നൽകുവാൻ കഴിയുള്ളൂവെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തീരദേശ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി അമൃത് 2.0-യിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി മുഖേന 16 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർ ഹെഡ് ടാങ്ക്, അതിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ നിർമ്മിക്കുന്നതിനായി മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ പരപ്പനങ്ങാടി വില്ലേജിൽ ബ്ലോക്ക് നമ്പർ 24-ൽ സർവ്വേ നമ്പർ 205/1-ൽപ്പെട്ട ചാപ്പപ്പടി ഫിഷറീസ് ഹോസ്പിറ്റൽ കോമ്പൗണ്ടിലുള്ള ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കൈവശമുള്ള 15 സെന്റ് സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യ നിരക്കിൽ (ആറിന് 100/-രൂപാ നിരക്കിൽ) 30 വർഷത്തേക്ക് ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി മുനിസിപ്പൽ/കോർപറേഷൻ പ്രദേശത്തെ ഭൂമി പതിവ് ചട്ടങ്ങൾ 1995-ലെ ചട്ടം 21 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ച് പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നല്കുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ച് നിർത്തേണ്ട ചുമതല കേരള വാട്ടർ അതോറിറ്റിക്കായിരിക്കും;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷത്തൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതാണ്;

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദിഷ്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;

vii) മേല്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

4. ഇക്കാര്യത്തിലുള്ള നിയമാനുസൃതമായ തുടർനടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
മത്സ്യബന്ധന തുറമുഖ വകുപ്പ് (FandP-A2/307/2024-FandP)
ജലവിഭവ (ജലവിതരണ-സി) വകുപ്പ് (WS-C3/207/2024-WRD)
പൊതുഭരണ(എസ്.സി) വകുപ്പ് (17.09.2025-ലെ 3257 ഇനം പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Priya Vincent
Date: 23-09-2025 11:04:59
സെക്ഷൻ ഓഫീസർ